LIBRARY ARCHIVES Kerala Legislative Assembly

സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി

15 (*15) ശ്രീ. ലൂഡി ലൂയിസ് :

ശ്രീ. ഐ. സി. ബാലകൃഷ്ണൻ :

ശ്രീ. സി. പി. മുഹമ്മദ് :

ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതിവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

(സി) പദ്ധതി നടപ്പിലാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ടെന്നു വ്യക്തമാക്കാമോ ?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) : സർ,

(എ) ഉണ്ട്.

(ബി) വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. (അനുബന്ധം-I)*

(സി) വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. (അനുബന്ധം-II)*

അഡ്വക്കേറ്റ് ജനറൽ ആഫീസിന്റെ പ്രവർത്തനം

16 (*16) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ :

ശ്രീ. ബി. സത്യൻ :

ശ്രീ. സി. കെ. സദാശിവൻ :

ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) അഡ്വക്കേറ്റ് ജനറൽ ഓഫീസിന്റെ കേസ് നടത്തിപ്പിലെ കെടുകാര്യസ്ഥതകൾ സംബന്ധിച്ചുണ്ടായ ആക്ഷേപങ്ങൾ പരിശോധിച്ചിട്ടുണ്ടോ ;

(ബി) സംസ്ഥാനത്തിന്റെ കേസുകൾ കൈകാര്യം ചെയ്യുന്ന ഭരണഘടനാ സംവിധാനമെന്ന നിലയിൽ കൂടുതൽ കാര്യക്ഷമതയോടെ പ്രവർത്തിക്കേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെട്ടിട്ടുണ്ടോ ;